# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ ജൂൺ 2015)

Ph : 0490 2344430, E-mail : catechesistly@gmail.com

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2:52)

2015-2016 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് 2015 മെയ് 31ന് തുടക്കമായിരിക്കുകയാണല്ലോ. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി. 2015-2016 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

**1. മെയ് 31 മതബോധന ഞായർ:** മെയ് 31 ന് ഞായറാഴ്ച സൺഡേസ്കൂൾ പ്രവർത്തനം ആരംഭിക്കുന്നു.

1. സൺഡേസ്കൂൾ വർഷാരംഭത്തിൽത്തന്നെ ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുമല്ലോ. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടു കയും ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കുക. എല്ലാ അദ്ധ്യാപകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കേണ്ടതുമാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കേണ്ടതാണ്.

2. X,XI,XII ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ ജനുവരി 26 ആയതിനാൽ പാഠങ്ങൾ പഠിപ്പിക്കുന്നതിന് ആവശ്യമായ സമയം ലഭിക്കുന്നതിനും കുട്ടികളുടെ ഗ്രൂപ്പ് തിരിച്ചുള്ള പ്രോഗ്രാമുകൾ നടത്തുന്നതിനുവേണ്ടിയാണ് എല്ലാ മാസത്തേയും അവസാനത്തെ ഞായറാഴ്ച വൈകുന്നേരംവരെ ക്ലാസ് നിർദ്ദേശിച്ചിരിക്കുന്നത്. എല്ലാ സൺഡേസ്കൂളുകളും ഈ സമയം പ്രയോജനപ്പെടുത്തേണ്ടതാണ്.

3. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തേണ്ടതാണ്. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അവിടത്തെ അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്.

4. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരി ക്കുക.

5.വേദപാഠപഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ വേദപാഠ ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷിക പരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

6. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്ക 2.52) ഭംഗിയായി എഴുതിവയ്ക്കേണ്ടതുമാണ്.

### 2. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 12-13

2015-2016 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് **ജൂൺ 12ന് വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13ന് ശനിയാഴ്ച ഉച്ചയ്ക്ക് 1.00ന് സമാപിക്കുന്നതാണ്**. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്. എന്തെങ്കിലും അസൗകര്യമുണ്ടായാൽ സ്റ്റാഫിന്റെ പ്രതിനിധിയെ അയക്കേണ്ടതാണ്. കോൺഫറൻസിനു വരുമ്പോൾ ഓഫീസുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും അടയ്ക്കാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

**ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്: പ്രോഗ്രാം**

വെള്ളി:-വൈകു.4.30 - രജിസ്ട്രേഷൻ, 5.00 - ചായ, 5.30 ജപമാല,
6.00-ഉദ്ഘാടനം, 6.30-ക്ലാസ് - ഫാ. ജിമ്മി പൂച്ചക്കാട്ട്, 9.00-ചർച്ച.

ശനി:- രാവിലെ 6.30 - വി. കുർബ്ബാന - മാർ ജോർജ് ഞരളക്കാട്ട്,
8.45 - ക്ലാസ്, ചർച്ച, 11.00 പൊതുസമ്മേളനം.

എല്ലാവരും 12ന് വെള്ളിയാഴ്ച്ച 4 മണിയോടുകൂടി എത്തിച്ചേരാൻ ശ്രമിക്കുമല്ലോ.

**3. ജൂബിലി**

ജൂബിലി ആഘോഷിക്കുന്നവർ, മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവർ, അധ്യാപന രംഗത്തുനിന്ന് വിരമിക്കുന്നവർ, എന്നിവരെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ വച്ച് അഭിവന്ദ്യ പിതാവ് പ്രത്യേകം ആദരിക്കുന്നു.അവരുടെ പേരുവിവരങ്ങൾ ഉടനെ ഓഫീസിൽ അറിയിക്കേണ്ടതും അവരെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിലെ സമാപനസമ്മേളനത്തിലേക്ക് ക്ഷണിക്കുകയും ചെയ്യേണ്ടതാണ്.

**4. ആസ്പെക്ട്**

2015–2016 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി പഠിക്കാനുള്ളത് റവ. ഡോ. ആന്റണി തറേക്കടവിൽ എഴുതിയ 'പ്രവാചകരുടെ പാതയിൽ' എന്ന ദൈവശാസ്ത്രഗ്രന്ഥമാണ്. പ്രസ്തുത പുസ്തകം മുഴുവൻ അധ്യാപകർക്കും ബഹു. വികാരിയച്ചന്മാർ വാങ്ങികൊടുക്കേണ്ടതാണ്. പുസ്തകത്തിന്റെ വില 60 രൂപയാണ്.

## 5. കുട്ടികളുടെ ധ്യാനം

ഈ വർഷം എല്ലാ സൺഡേസ്കൂളുകളിലും അതിരൂപത ഒരുക്കിയിരിക്കുന്ന ധ്യാനമാണ് നടത്തേണ്ടത്. 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾക്ക് എയ്ഞ്ചൽസ് ധ്യാനവും 5 മുതൽ 11 നെ ക്ലാസുകളിലെ കുട്ടികൾക്ക് ജീസസ് റിട്രീറ്റും ആണ് നടത്തേണ്ടത്. 12-ാം ക്ലാസിലെ കുട്ടികൾക്കായി അതിരൂപതാ ധ്യാനകേന്ദ്രമായ മദർഹോമിൽ താമസിച്ചുള്ള മൂന്ന് ദിവസത്തെ ധ്യാനമാണ് ക്രമീകരിക്കുന്നത്.

## 6. ദൈവശാസ്ത്ര കോഴ്സ് (Lumen Ecclesiae)

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം ആരംഭിച്ച ദൈവശാസ്ത്രകോഴ്സിൽ 900 അധ്യാപകർ അവരുടെ ഒന്നാം വർഷത്തെ (രണ്ട് സെമസ്റ്ററുകലിലെ) പഠനം പൂർത്തിയാക്കി ബഹു.അച്ചന്മാർ നല്കിയ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി പറയുന്നു. 2015-2016 വർഷത്തിൽ ബാക്കിയുള്ള അധ്യാപകരെക്കൂടി ദൈവശാത്രപഠനത്തിനായി അയക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഈ വർഷം മുതൽ അധ്യാപകരുടെ സൗകര്യാർത്ഥം എല്ലാ ഫൊറോനകളിലും ക്ലാസുകളും പരീക്ഷകളും സംഘടിപ്പിക്കുന്നതാണ്. രജിസ്ട്രേഷൻ ജൂൺ 12-13 തീയതികളിൽ നടക്കുന്ന ഹെഡ്മാസ്റ്റേഴസ് കോൺഫറൻസിനുവരുമ്പോൾ നടത്തേണ്ടതാണ്.രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassry.org)ലഭ്യമാണ്.

## 7. വെബ്സൈറ്റ്(catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission Form, Transfer certificate, കലണ്ടർ, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങളും മറ്റു വിവരങ്ങളും ലഭ്യമാക്കുന്നതാണ്. ഈ അധ്യയനവർഷം മുതൽ മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരുവിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അറിയിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 8. പാഠപുസ്തക വിതരണം

സൺഡേസ്കൂൾ ആരംഭദിനത്തിൽതന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ. താഴെകൊടുത്തിരിക്കുന്ന ക്രമത്തിൽ വേണം മൂന്നോ നാലോ ഇടവകകൾ ചേർന്ന് ഫൊറോനയിൽ നിന്ന് പുസ്തകങ്ങൾ എടുക്കാൻ വരേണ്ടത് (ഓഫീസിലെ തിരക്കൊഴിവാക്കുവാൻ അതു സഹായിക്കും) പുസ്തകങ്ങളുടെ വിലയടങ്ങിയ ലിസ്റ്റ് വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ലിസ്റ്റ് പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്. പുസ്തകങ്ങൾ വാങ്ങാൻ വരുന്നത് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിലേക്ക് മാറ്റി വയ്ക്കരുത്, അത് അസൗകര്യപ്രദമായിരിക്കും.

**ജൂൺ 2 ചൊവ്വ:** കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി **ജൂൺ 3 ബുധൻ:** ചെറുപുഴ, തോമാപുരം, മേരിഗിരി, **ജൂൺ 4 വ്യാഴം:** ആലക്കോട്, ചെമ്പൊട്ടി, വായാട്ടുപറമ്പ് **ജൂൺ 5 വെള്ളി:** ചെമ്പേരി, പൈസക്കരി, എടൂർ,തളിപറമ്പ് **ജൂൺ 6 ശനി:** നെല്ലിക്കാംപൊയിൽ, കുന്നോത്ത്, പേരാവൂർ

## 9. ഉപപാഠം ക്ലാസ് VIII,XI

അതിരൂപത മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം VIII, XI ക്ലാസ്സുകളിലെ കുട്ടികൾക്ക് 'കൗമാര ലൈംഗികവിദ്യാഭ്യാസം' എന്ന ഉപപാഠപുസ്തകമായിരിക്കും ഈ അധ്യയന വർഷത്തിൽ പഠിക്കാനുള്ളത്. എല്ലാകുട്ടികളും പുസ്തകം വാങ്ങേണ്ടതാണ്. പുസ്തകത്തിന്റെ വില 22 രൂപ.

## 10. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ നേതൃത്വം കൊടുക്കുന്ന ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്.

**11. ഡിപ്ലോമ : നൂറുമേനി വിജയം നേടിയവർ**

2014-2015 അധ്യയന വർഷത്തിലെ ഡിപ്ലോമാപരീക്ഷയിൽ 124 സൺഡേസ്കൂളുകൾ നൂറ് ശതമാനം വിജയം നേടി പ്രസ്തുത സൺഡേസ്കൂളുകളുടെ ലിസ്റ്റ് താഴെക്കൊടുക്കുന്നു. നേതൃത്വം കൊടുത്ത ബഹു.വികാരിയച്ചനും, സ്റ്റാഫിനും, പി.റ്റി.എ യ്ക്കും അഭിനന്ദനങ്ങൾ.

ആലക്കോട്, ചീക്കാട്, ജയഗിരി, കാർത്തികപുരം, കുട്ടാപറമ്പ്, മാമ്പൊയിൽ, പരപ്പ, വിജയഗിരി, ചേപറമ്പ, കരയത്തുംചാൽ, കോട്ടൂർ, കോട്ടൂർവയൽ, മണ്ടളം, നടുവിൽ, നെല്ലിക്കുന്ന്, വെണ്ണക്കല്ല്, വിളക്കന്നൂർ, ദീപഗിരി, കനകക്കുന്ന്, ലിസിഗിരി, പൂപ്പറമ്പ്, പൊട്ടൻപ്ലാവ്, പുലികുരുമ്പ, രത്നഗിരി, ചെറുപുഴ, ജോസ്ഗിരി, കോലുവള്ളി, പാടിയോട്ടുചാൽ, രാജഗിരി, ചെടിക്കുളം, കീഴ്പ്പള്ളി, മാങ്ങോട്, വട്ടിയറ, വെളിമാനം, ബദിയടുക്ക, ചായോത്ത്, ചീമേനി, ഡേലംപാടി, കാലിച്ചാനടുക്കം, കാഞ്ഞങ്ങാട്, മുള്ളേരിയ, നെല്ലിയടുക്കം, നീലേശ്വരം, പെരിയ, പൊയ്നാച്ചി, ഉദയപുരം, അങ്ങാടിക്കടവ്, എടക്കാനം, കച്ചേരിക്കടവ്, കുന്നോത്ത്, മാടത്തിൽ, മുടയരഞ്ഞി, പാലത്തിൻകടവ്, പേരട്ട, വാണിയപ്പാറ, ചെറുപാറ, എടക്കോം, കോടോപ്പള്ളി, പച്ചാണി, പെരുമ്പടവ്, വെള്ളരിയാനം, അറബി, ഇരിട്ടി, കാലാങ്കി, കല്ലുവയൽ, കാഞ്ഞിരക്കൊല്ലി, മണിക്കടവ്, മണിപ്പാറ, മാട്ടറ, മുണ്ടാനൂർ, പടിയൂർ, പുറവയൽ, ശാന്തിനഗർ, തേർമല, ഉളിക്കൽ, വിളമന, ചന്ദനക്കാംപാറ, ഏറ്റുപാറ, ജോസ്മൗണ്ട്, ചാമക്കൽ, പാടാൻകവല, വെമ്പുവ, അടോട്ടുകയ, മേരിപുരം, ശാന്തിഗിരി-കള്ളാർ, ആര്യപറമ്പ്, ചെറുവാഞ്ചേരി, എടത്തൊട്ടി, കല്ലുമുതിരക്കുന്ന്, കൊളക്കാട്, കോളയാട്, മഞ്ഞളാംപുറം, മട്ടന്നൂർ, മേൽമുരിങ്ങോടി, നിർമലഗിരി, ഓടന്തോട്, പെരുമ്പുന്ന, രാജമുടി, മെലേചൊവ്വ, പരിയാരം, തലശ്ശേരി, തളിപ്പറമ്പ്, അതിരുമാവ്, ആയന്നൂർ, ചട്ടമല, ചാവറഗിരി, കടുമേനി, കണ്ണിവയൽ, കുളിനീർ, മണ്ടപം, തയ്യേനി, അൽഫോൻസാഗിരി, കരുണാപുരം, മാവുംചാൽ, പാത്തൻപാറ, തടിക്കടവ്, വെള്ളാട്, ഭീമനടി, ബിരിക്കുളം, കാലിച്ചാമരം, മാലോം, നാട്ടക്കൽ, പുഞ്ച, പുന്നക്കുന്ന്.

**12. ആസ്പെക്ട് പരീക്ഷാഫലം**

അധ്യാപകർക്കായി അതിരൂപതാതലത്തിൽ നടത്തിയ ആസ്പെക്ട് പരീക്ഷാഫലം താഴെ കൊടുക്കുന്നു.

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. സി.ആഗ്നസ് എസ്.എച്ച് | ആലക്കോട് | ഒന്നാം റാങ്ക് |
| 2. ബ്രിജിറ്റ് കുറ്റിയാനിമറ്റം | വായാട്ടുപറമ്പ് | രണ്ടാം റാങ്ക് |
| 3. സി.ഷാന്റി ജോസ് | നെല്ലിക്കാംപൊയിൽ | മൂന്നാം റാങ്ക് |

| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
|---|---|---|
| 1. സി.ജാൻസി എസ്.എച്ച് | ആലക്കോട് | ആലക്കോട് |
| 2. സി.അലീഷ സി.എസ്.എൻ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| 3. മേരി ആലങ്ങാടൻ | കുടിയാന്മല | ചെമ്പേരി |
| 4. ബിജു പെരുമ്പള്ളീൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| 5. സി.റോസ് എഫ്.സി.സി | കരിക്കോട്ടക്കരി | എടൂർ |
| 6. സജി എടപ്പാട്ട് | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |
| 7. ടോംരാജ് മേടക്കൽ | കുന്നോത്ത് | കുന്നോത്ത് |
| 8. നിമ്മി ജോസഫ് | ചെറുപാറ | മേരിഗിരി |
| 9. ബിജി മുകളിക്കാലായിൽ | തേർമല | നെല്ലിക്കാംപൊയിൽ |
| 10. അന്നമ്മ ചോലംകരിയിൽ | ആടാംപാറ | പൈസക്കരി |
| 11. സി.നിർമ്മൽ അരീക്കൽ | പനത്തടി | പനത്തടി |
| 12. ഗ്രേസി മൺതറക്കൽ | കണിച്ചാർ | പേരാവൂർ |
| 13. മെർലിൻ സുനിൽ | കണ്ണൂർ | തളിപ്പറമ്പ |
| 14. സി.സുനിത വാഴയിൽ | കണ്ണിവയൽ | തോമാപുരം |
| 15. സി.അമല എസ്.എച്ച് | വെള്ളാട് | വായാട്ടുപറമ്പ് |
| 16. സി.നാൻസി SABS | മാലോം | വെള്ളരിക്കുണ്ട് |

എല്ലാവർക്കും ദൈവാനുഗ്രഹപ്രദമായ പുതിയ അധ്യയനവർഷം ആശംസിക്കുന്നു.

സ്നേഹത്തോടെ

ഫാ.ജോർജ് കാഞ്ഞിരക്കാട്ട്